**6 (1810) മഴക്കാലത്ത് പട്ടികവർഗ്ഗ ഊരുകളിൽ സൗജന്യമായി ഭക്ഷണ സാധനങ്ങൾ നൽകുന്നതിനുള്ള പദ്ധതി**

ശ്രീമതി രാധാ രാഘവൻ :
ശ്രീ. എ.കെ. മണി :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ ഊരുകളിൽ മഴക്കാലത്ത് ഭക്ഷണ ദൗർലഭ്യം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് ഏത് വിധത്തിൽ പരിഹാരം കാണാൻ ഉദ്ദേശിക്കുന്നു;

(ബി) ഇവിടെ സൗജന്യമായി ഭക്ഷണ സാധനങ്ങൾ എത്തിക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(സി) മഴക്കാലത്ത് പട്ടികവർഗ്ഗ ഊരുകളിൽ സൗജന്യമായി ഭക്ഷണ സാധനങ്ങൾ നൽകുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഫുഡ് സപ്പോർട്ട് പ്രോഗ്രാം, ഗ്രയിൽ ബാങ്ക് എന്നീ പദ്ധതികൾ പട്ടികവർഗ്ഗ വികസനവകുപ്പ് നടപ്പാക്കിയിട്ടുണ്ട്. ഇതു കൂടാതെ ശക്തമായ കാലവർഷകാലങ്ങളിൽ ജില്ലാ കളക്ടർമാരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് സൗജന്യറേഷനും അനുവദിക്കാറുണ്ട്.

(ബി)&(സി) ഉണ്ട്. മഴക്കാലത്ത് പട്ടികവർഗ്ഗ ഊരുകളിൽ ഉണ്ടാകുന്ന ഭക്ഷണ ദൗർലഭ്യം, തൊഴിലില്ലായ്മ എന്നിവയ്ക്ക് പരിഹാരം കാണുന്നതിനായി ഫുഡ്സപ്പോർട്ട് പ്രോഗ്രാം നടപ്പാക്കി വരുന്നു. 1995-96-ൽ വയനാട് ജില്ലയിൽ മാത്രമായി ആരംഭിച്ച ഈ പദ്ധതി ഇപ്പോൾ പാലക്കാട്, മലപ്പുറം, ഇടുക്കി, കാസർഗോഡ്, പത്തനംതിട്ട, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽകൂടി നടപ്പാക്കിവരുന്നു. ഈ പദ്ധതിയുടെ ഭാഗമായുള്ള ജോലികൾ ചെയ്യുന്നതിന് പട്ടികവർഗ്ഗക്കാർക്ക് പ്രതിദിനം 35 രൂപ വേതനമായി നൽകുന്നു. അതിൽ 20 രൂപ ഭക്ഷണ സാധനമായും 10 രൂപ പണമായും നൽകുന്നു. ബാക്കി 5 രൂപ പഞ്ചായത്തുതല ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വിനിയോഗിക്കുന്നു.

**7 (1811) ചികിൽസാ ധനസഹായം**

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനായി ആരംഭിച്ച ചികിൽസാ ധനസഹായ പദ്ധതിപ്രകാരം ഇതിനകം എത്രപേർക്ക് ആനുകൂല്യം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഇനത്തിൽ ചെലവായ തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly